# പാഠം 29

# കാണാതെ പോയ ആട്

**പാഠോദ്ദേശ്യം** : യേശുവിനെ പാപികളെ രക്ഷിക്കുന്ന സ്നേഹവാനായ ദൈവമായി അറിയുക.

**പാഠഭാഗം** : സങ്കീ. 23:1-6, ലൂക്കൊ.15:3-7

**മനഃപാഠം** : മനഃപാഠം : സങ്കീ. 23:1

'യഹോവ എന്റെ ഇടയൻ ആകുന്നു. എനിക്ക് മുട്ടുണ്ടാകയില്ല."

**പാഠം**

ഒരിടയന് 100 ആടുണ്ടായിരുന്നു. എല്ലാ ദിവസവും അയാൾ ആടുകളെ അടുത്തുള്ള മലഞ്ചെരുവിൽ കൊണ്ടുപോയി മേയിക്കുമായിരുന്നു.

ഒരു ദിവസം പതിവുപോലെ ആടുകളുമായി മലഞ്ചരിവിലേക്കു പോയി. പകൽ മുഴുവൻ ആടുകൾ ഓടി നടക്കുകയും മേയുകയും ചെയ്തു. സന്ധ്യ ആകാറായപ്പോൾ ഇടയൻ ആടുകളെ വീട്ടിലേക്ക് കൊണ്ടുപോയി. അയാൾ ആടുകളെ എണ്ണി നോക്കി. 99 ആടു മാത്രം. ഇടയന് വലിയ സങ്കടമായി. ആ ഒരാട് കൂട്ടം വിട്ട് ഏതെങ്കിലും കുളത്തിലോ കുഴിയിലോ വീണുപോയി കാണും എന്ന് അയാൾ ചിന്തിച്ചു. അയാൾ 99 ആടുകളെ യും ഒരു സ്ഥലത്ത് വിട്ടിട്ട് കാണാതെ പോയതിനെ അന്വേഷിച്ച് പുറപ്പെട്ടു. കുറ്റിക്കാട്ടിലും മലഞ്ചെരുവുകളിലും, കുളങ്ങളിലും കുഴികളിലുമെല്ലാം ആടിനെ തിരഞ്ഞു നടന്നു. ഒടുവിൽ ഒരു ചേറ്റുകുഴിയിൽ വീണു കിടന്ന ആടിനെ കണ്ടെത്തി. അയാൾ കുഴിയിൽ ചാടി ഇറങ്ങി, ആടിനെ കോരിയെടുത്ത് തോളിൽ വഹിച്ചു കൊണ്ട് വീട്ടിലേക്ക് പോയി. ആ

# Lesson 29

# THE LOST SHEEP

**Learning Objectives** : Know Jesus as the loving God who saves sinners

**Passage for Study** : Psalm 23, Luke 15:3-7

**Memory Verse** : Psalm 23:1 –
The Lord is my shepherd; I shall not want.

**Lesson**

Once there was a shepherd who had a hundred sheep. Every day he used to take them to the nearby slopes for grazing.

On one day, he took his sheep as usual to the slopes. The sheep were eating and moving about throughout the day. In the evening, the shepherd took the sheep back to the pen. But when he counted the sheep, he found out that one was missing. The shepherd became very worried. He thought that the missing sheep might have fallen into some ditch or a well. He left the remaining sheep and went in searching of the missing one. He searched for the sheep in the slopes, bushes, lakes and ditches. Finally he found the sheep lying in a wet patch of mud in a ditch. He lifted the sheep,



ടിന്റെ ദേഹത്ത് പറ്റിയ ചെളി യെല്ലാം കഴുകി തുടച്ച് വൃത്തി യാക്കി.

ആ ഇടയൻ വീട്ടിലെത്തി, വീട്ടുകാരെയും കൂട്ടുകാരെയും വിളിച്ചുവരുത്തി കാണാതെ പോയ എന്റെ ആടിനെ കണ്ടു കിട്ടയതുകൊണ്ട് എന്നോടുകൂ ടെ സന്തോഷിപ്പീൻ എന്നു പ റഞ്ഞു. അവരെല്ലാം സന്തോ ഷിച്ചു.

യേശു ഈ ഉപമ പറ ഞ്ഞത്, ദൈവത്തിന്റെ അതിരറ്റ സ്നേഹം വെളിപ്പെടുത്താൻ ആയിരുന്നു. ദൈവത്തെ വിട്ട് പാപത്തിന്റെ നാശകരമായ കുഴിക ളിൽ പതിച്ച നമ്മെ രക്ഷിപ്പാൻ യേശു ലോകത്തിൽ വന്ന് നമു ക്കുവേണ്ടി ക്രൂശിൽ മരിച്ച് ന മ്മെ രക്ഷിച്ചു. നമ്മുടെ പാപം കഴുകി ശുദ്ധീകരിച്ച് നമ്മെ സ്വർഗ്ഗീയവീട്ടിലേക്ക് കൊണ്ടു പോകുകയും ചെയ്യും. ഇത്ര നല്ലവനായ യേശുവിനെ നല്ല ഇടയനായി നമുക്കും സ്വീകരി ക്കാം.

അവന്റെ ആടുകളായ നാം അവന്റെ ശബ്ദം കേട്ട് അവനെ അനുഗമിക്കണം





placed it on his shoulders, and took it home. He washed the sheep clean.

He called all his friends and neighbors to tell about the lost sheep that he found. They all rejoiced together. Jesus told this parable to explain about his infinite love. Jesus died on the cross and brought us salvation while we were dead in mud pits. He will wash our sins and take us to heaven. Let us welcome this Christ as our good shepherd. We have to obey the voice of our Lord, who is our shepherd and we his sheep.





ചോദ്യങ്ങൾ

1. ഇടയന് എത്ര ആടുണ്ടായിരുന്നു?
2. നമ്മുടെ നല്ലിടയൻ ആര് ?
3. 23-ാം സങ്കീർത്തനം മനഃപാഠം പഠിക്കാം
4. കാണാതെ പോയ ആടിന്റെ കഥ പറയാം

1. How many sheep did the shepherd have?
2. Who is our good shepherd?
3. Memorize Psalm 23.
4. Narrate the parable of the lost sheep.



Questions